പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5665 | 29.06.2018-ൽ മറുപടിക്ക്

**മലപ്പുറം മണ്ഡലത്തിലെ പി.എച്ച്.സി -കളിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മലപ്പുറം മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലാണ് കിടത്തി ചികിത്സ നിലവിലുള്ളത്; | (എ) | മലപ്പുറം മണ്ഡലത്തിലെ പൂക്കോട്ടൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിലവിൽ കിടത്തി ചികിത്സ ഉണ്ട്. |
| (ബി) | മൊറയൂർ, തൃപ്പനച്ചി, ആനക്കയം, കോഡൂർ പി.എച്ച്.സി.കളിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഔട്ട് പേഷ്യന്റ് ചികിത്സ, രോഗപ്രതിരോധം, മാതൃശിശു ആരോഗ്യം, പകർച്ചവ്യാധി നിയന്ത്രണം തുടങ്ങിയ ദേശീയ സംസ്ഥാന ആരോഗ്യ പരിപാടികൾക്ക് ഊന്നൽ നൽകി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ. കിടത്തി ചികിത്സ ഈ കേന്ദ്രങ്ങളിൽ ഉദ്ദേശിക്കപ്പെട്ടിട്ടില്ല.<br>സമഗ്ര ആരോഗ്യ പരിചരണം ലക്ഷ്യമാക്കിക്കൊണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്ന പ്രവർത്തനങ്ങളാണ് ഇപ്പോൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നത്. ഇതിൽ മൊറയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനകം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തേണ്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അന്തിമ പട്ടിക തയ്യാറാക്കി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ